പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 29

# 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 29

# 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

1056/2016.

# 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും മോട്ടോർ വാഹന നികുതി ചുമത്തലും പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും അല്ലെങ്കിൽ കാര്യങ്ങളും സാധൂകരിക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും മോട്ടോർ വാഹന നികുതി ചുമത്തലും പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട് സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും അല്ലെങ്കിൽ കാര്യങ്ങളും സാധൂകരിക്കേണ്ടത് ആവശ്യമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. മോട്ടോർ വാഹനങ്ങളിന്മേൽ നികുതി ചുമത്തിയത്, പിരിച്ചെടുത്തത് തുടങ്ങിയവയുടെ സാധൂകരണം.—1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലോ (1976-ലെ 19) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2007 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2014 ജൂലൈ 23-ാം തീയതി വരെയും ഉള്ള കാലയളവിൽ മോട്ടോർ വാഹനങ്ങളിന്മേൽ

നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമാണെന്നു കരുതിക്കൊണ്ട് നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ ആയ എല്ലാ നികുതികളും എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും സാധുതയോടെ നിർണ്ണയിച്ചിട്ടുള്ളതോ ചുമത്തിയിട്ടുള്ളതോ പിരിച്ചെടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതും, അതനുസരിച്ച്,—

(എ) സർക്കാരോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും അധികാരസ്ഥാനമോ അങ്ങനെയുള്ള നികുതി നിർണ്ണയിച്ചതും ചുമത്തിയതും പിരിച്ചെടുത്തതും ആയി ബന്ധപ്പെട്ട് ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും കാര്യങ്ങളും അങ്ങനെയുള്ള നികുതി നിർണ്ണയിക്കുകയും ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളത് 2014-ലെ കേരള ധനകാര്യ ആക്റ്റിന്റെ (2014-ലെ 29) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രസ്തുത ആക്റ്റ് പ്രകാരമാണെന്നപോലെ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും നിയമാനുസൃതം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) അപ്രകാരം ഒടുക്കിയിട്ടുള്ള ഏതെങ്കിലും നികുതി തിരിച്ചു നൽകുന്നതിനായി സർക്കാരിനോ ഏതെങ്കിലും ആളിനോ അധികാരസ്ഥാനത്തിനോ, ഏതുതന്നെയായാലും, എതിരെ ഏതെങ്കിലും കോടതിയിൽ യാതൊരു വ്യവഹാരമോ മറ്റു നടപടിയോ ആരംഭിക്കുകയോ നിലനിർത്തുകയോ തുടരുകയോ ചെയ്യുവാൻ പാടില്ലാത്തതും;

(സി) അപ്രകാരം ഒടുക്കിയിട്ടുള്ള ഏതെങ്കിലും നികുതി തിരിച്ചുനൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും ഡിക്രിയോ ഉത്തരവോ യാതൊരു കോടതിയും നടപ്പിലാക്കുവാൻപാടില്ലാത്തതും ;

ആകുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19) 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ഒരു വാഹനത്തിന്റെ 'ക്രയമൂല്യം' അതിന്റെ വിലയോടൊപ്പം മൂല്യവർദ്ധിത നികുതി, കസ്റ്റംസ് ഡ്യൂട്ടി, മറ്റു ചാർജ്ജുകൾ എന്നിവ ചേർത്തുകൊണ്ട് നിർണ്ണയിക്കാവുന്നതല്ല എന്ന് ഫാത്തിമ ഷെറിൻ അലി, ജോയിന്റ് ട്രാൻസ്പോർട്ട് ആഫീസർ, കായംകുളം [2013 (3) കെ. എൽ. റ്റി. 945] എന്ന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിക്കുകയുണ്ടായി. 2007 ഏപ്രിൽ 1-ാം തീയതി മുതൽ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവകൂടി ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു വാഹന നികുതി പിരിക്കുന്നതിലേക്കായി വാഹനങ്ങളുടെ ക്രയമൂല്യം കണക്കാക്കിയിരുന്നത്. ഇപ്രകാരം വാഹനങ്ങളുടെ ക്രയമൂല്യം കണക്കാക്കി ഇതിനകം പിരിച്ചെടുത്ത വാഹന നികുതി തുക ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നു. പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള തുക ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ചുകൊടുക്കേണ്ടി വന്നാൽ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. ഇത് മറികടക്കുന്നതിനായി 2014-ലെ കേരള ധനകാര്യ ആക്റ്റ് (2014-ലെ 29) പ്രകാരം

1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19) 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിലെ 'ക്രയമൂല്യം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ്/എക്സൈസ് ഡ്യൂട്ടി എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് 2007 ഏപ്രിൽ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പ്രസ്തുത ഖണ്ഡം ഭേദഗതി ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തീയതി മുതൽ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച 2014 ജൂലൈ 23-ാം തീയതി വരെ മേൽപ്രസ്താവിച്ച രീതിയിൽ വാഹനങ്ങളുടെ 'ക്രയമൂല്യം' കണക്കാക്കിയതും അപ്രകാരം വാഹന നികുതി നിർണ്ണയിച്ചതും ചുമത്തിയതും പിരിച്ചെടുത്തതുമായ നടപടികൾ സാധൂകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ, പ്രസ്തുത കാലയളവിൽ വാഹന നികുതി നിർണ്ണയിച്ചതും ചുമത്തിയതും പിരിച്ചെടുത്തതും അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള മറ്റു നടപടികളും സാധൂകരിക്കുന്നതിനായി ഒരു നിയമം കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ശശീന്ദ്രൻ